ഇതുവരെ നാല്പതിൽ ചിലപ്പോഴും ഉയന്നികൾ ഫാർബർ അധികാരിയുടെ ആവശ്യപ്രകാരം പറിച്ചുകളഞ്ഞിട്ടുണ്ട്. എന്നാൽ അതിനു കൊടുത്തിട്ടുള്ള പ്രതിഫലം കേവലം തുച്ഛമായിട്ടുള്ള ഒരു സംഖ്യമാത്രമാണു്. അതായതു് ഒരു ഉയന്നിക്കു് ഫ ഫ ഉ ക. മുതൽ ഫ ഉ ഉ ക. വരെയാണു പ്രതിഫലം കൊടുത്തിട്ടുള്ളതു്. കഴിഞ്ഞ കാര്യങ്ങളെപ്പറ്റി ഇനി പറഞ്ഞിട്ടു പ്രയോജനമില്ല. ഇനി സംഭവിക്കുവാൻ പോകുന്ന കാര്യങ്ങളെക്കുറിച്ചാണു ഞാൻ പറയാൻ പോകുന്നതു്. ഫ ഠ ന്റ ഉയന്നികൾ നിന്നിച്ചുള്ള ഒരു ലൈൻ—വെമ്പുള്ളിലൈൻ—നിന്നിച്ചു പറിച്ചു മാറണമെന്നു് ഈ അടുത്ത കാലത്തു ഫാർബർ അധികാരി മിസ്റ്റർ ബ്രിസ്റ്റോ സായ്പു് ഒരു കല്പന അയച്ചിട്ടുണ്ടെന്നാണു് അറിയുന്നതു്. അതിനെപ്പറ്റിയാണു് എനിക്കു പ്രധാനമായി ബഹുമാനപ്പെട്ട ഗവമ്മെണ്ടിനെ ധരിപ്പിക്കുവാനുള്ളതു്. വെണ്ടുരുത്തിയിൽ നിന്നു പള്ളുരുത്തിയിലേക്കുള്ള പുതിയ പാലത്തിന്റെ വടക്കുഭാഗത്തായിട്ടാണ ഈ ഉയന്നികൾ നില്ക്കുന്നതു്. ഈ ഉയന്നികൾ ഇപ്പോൾ നില്ക്കുന്ന സ്ഥലത്തു നിന്നും ന്റ ചെയിൻ തെക്കോട്ടു മാറ്റിയിടണമെന്നാണു് മിസ്റ്റർ ബ്രിസ്റ്റോസായ്പു് ആവശ്യപ്പെട്ടിരിക്കുന്നതു്.

Mr. C. V. Iyyu *(Kunnamkulam):* May I know whether Mr. Bristow is empowered with executive powers to order anybody to remove these stakes ?

Mr. K. Achyuta Menon *(Diwan Peishkar):* He corresponds with this Government.

മിസ്റ്റർ സി. കെ. എസ്സു്. മണി: അദ്ദേഹം ഉദ്ദേശിക്കുന്ന സ്ഥലത്തു് ഈ ഉയന്നികൾ മാറ്റിയിടുന്നതായാൽ അതിൽ നിന്നും യാതൊരു ആദായവും കിട്ടുകയില്ലെന്നുള്ളതു് അതിലെ പ്രവൃത്തിക്കാക്കു മാത്രമെ അറിയുവാൻ നിവൃത്തിയുള്ളു. അങ്ങിനെ ഒരുഉത്തരവുണ്ടായപ്പോൾ അവർ—ഈ ഉയന്നിയുടമസ്ഥന്മാർ—നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയുടെ അടുത്തും ചിവാൻപോയ്ക്കാർ അവർകളുടെ അടുത്തും അവരുടെ സങ്കടം ബോധിപ്പിച്ചിട്ടുണ്ടു്. അവർ ആവശ്യപ്പെടുന്നതു് ഇപ്പോൾ നില്ക്കുന്ന സ്ഥലത്തു നിന്നു് ന ചെയിൻ ഒരത്തായി, അതായതു് പുതിയ പാലത്തിന്റെ ഫ വ ചെയിൻ തെക്കുഭാഗത്തായി ഈ ഉയന്നികൾ സ്ഥാപിക്കുന്നതിനു അനുവദിക്കണമെന്നാണു്.

ഈ ഫ ഠ ന്റ ഉയന്നികൾ മാറണമെന്നു പറയുമ്പോൾ ഫ ഠ ന്റ കുടുംബങ്ങളാണു നിരാശ്രയരായി പോകുന്നതെന്നു ബഹുമാനപ്പെട്ട സാമാജികന്മാർ ഓർക്കേണ്ടതാണു്. അവർ ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലത്തേക്കു് ഉയന്നികൾ മാറ്റിയിടുവാൻ സായ്പു് അവർക്കും അനുവദിക്കുന്ന കാര്യം വളരെ സംശയമാണു്. അദ്ദേഹത്തിനു് എന്തോ ഈ സാധുക്കളുടെ ഉപജീവനമാർഗ്ഗമായ ഈ ഉയന്നിക്കുറികൾ കാണ്മാൻ വളരെ വിപ്രതിപത്തിയുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. അവർ ആവശ്യപ്പെടുന്ന സ്ഥലത്തു് ഈ ഉയന്നിക്കുറികൾ മാറ്റിയിടുവാൻ അനുവദിക്കാത്തപക്ഷം അവക്കു് അതിനു ശരിയായിട്ടുള്ള പ്രതിഫലം ഗവമ്മെണ്ടിൽ നിന്നു കൊടുപ്പിക്കണമെന്നാണു് എനിക്കു ഗവമ്മെണ്ടിനോടുള്ള അപേക്ഷ.

ഉയന്നികൾക്കു പലവിധത്തിലുള്ള വിലയുണ്ടു്. സാധാരണയായി ഒരു ഉയന്നിക്കു് ഫ ഉ ക. മുതൽ ഭ ഠ ഠ ക. വരെ ഇപ്പോഴും വിലയുള്ളതായിട്ടു് എനിക്കു് അറിയുവാൻ സാധിച്ചിട്ടുണ്ടു്.

ഈ അവസരത്തിൽ ഫിഷറി ഡിപ്പാർട്ടുമെന്റു നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയുടെ നിയന്ത്രണത്തിൻകീഴിൽ വെച്ചിരിക്കുകയാണല്ലൊ. അതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങളുടെ സമുദായത്തിനു വലിയ ആഹ്ലാദവുമുണ്ട്". സമുദായത്തിന്റെ ശരിയായിട്ടുള്ള ആവശ്യങ്ങളും അവരുടെ കഷ്ടസ്ഥിതികളും അറിയാവുന്ന ഒരാളുവായ ഒരു ദിവാൻപേഷ്കാർ അവർകളാണ് ഈ ഡിപ്പാർട്ട്മെൻറിന്റെ മേലധികാരി. ഞങ്ങൾക്കു ഈ കാര്യത്തിൽ എന്തെങ്കിലും ദോഷം വരുന്നതായാൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ബഹുമാനപ്പെട്ട മന്ത്രിയും ദിവാൻപേഷ്കാരവർകളും വഹിക്കേണ്ടിവരുമെന്നു ഞാൻ അവരെ അറിയിച്ചുകൊള്ളുന്നു. ഈ കാര്യങ്ങൾ സഭയിലെ സാമാജികന്മാരുടെ ശ്രദ്ധക്കായി വിഷയീഭവിപ്പിച്ചുകൊണ്ട് എന്റെ ഈ ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു

മിസ്റ്റർ വി. കെ. കുട്ടി: ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. കൊച്ചിൻ ഹാർബറിന്റെ പരിഷ്കരണത്തോടുകൂടി സാധുക്കളായ മത്സ്യത്തൊഴിലാളികൾക്ക് അനുഭവിക്കേണ്ടിവന്നിട്ടുള്ള സങ്കടങ്ങളേയും, കഷ്ടനഷ്ടങ്ങളേയും പറ്റി വളരെപ്രാവശ്യം ഈ കൌൺസിലിൽ ഞാൻതന്നെ വാദിച്ചിട്ടുള്ളതാണ്. ഇന്നു മനോഹരമായി കാണുന്ന ഹാർബർ സ്ഥലങ്ങളിൽ എല്ലാം സാധുക്കളായ ഈ തൊഴിലാളികളുടെ ഉന്നതികളെക്കൊണ്ട് അലങ്കരിച്ചിട്ടുള്ളതായിരുന്നുവെന്നും അനേകം കുടുംബങ്ങൾ ആ ഉന്നതികളെ ആശ്രയിച്ചു കഴിഞ്ഞുകൂടിയിരുന്നുവെന്നും ഓർക്കുമ്പോൾ ഇന്ന് അവർ അനുഭവിച്ചുവരുന്ന ദുരിതാവസ്ഥ എത്രമാത്രമെന്നും എത്താണ്ടു ഉൽഘിക്കാവുന്നതാണ്. ഗവർമ്മെൻറിനുതന്നെ ചിന്തിച്ചാൽ കാണാം ഈ ഹാർബർമൂലം പറിച്ചു മാറേണ്ടതായി വന്നിട്ടുള്ളതും ഉയരിക്കളയേണ്ടതായി വന്നിട്ടുള്ളതും ആയ ഉന്നതികൾക്കു പകരം മറ്റു സ്ഥലങ്ങളിലെങ്കിലും അതുമാറ്റി സ്ഥാപിച്ചിട്ടില്ല എന്നു്. അങ്ങിനെ സ്ഥാപിക്കാൻ കഴിയാത്തിടത്തോളംകാലം ഞാൻ മുൻപ്രസ്താവിച്ചതുപോലെ ഉയരിക്കളഞ്ഞിട്ടുള്ളതായ ഉന്നതികളുടെ ഉടമസ്ഥന്മാർ എത്രത്തോളം സങ്കടമനുഭവിക്കുന്നുണ്ടെന്നുള്ളതു ഞാൻ പറയാതെതന്നെ ആലോചിക്കാവുന്നതാണല്ലൊ. മത്സ്യം പിടിത്തത്തെമാത്രം ആശ്രയിച്ചു ജീവിക്കുന്ന ഒരു വലിയ സമുദായത്തിന്റെ വരുമാനത്തെ ഇപ്രകാരമുള്ള വലിയ പ്രതിബന്ധങ്ങളെക്കൊണ്ടു നശിപ്പിക്കേണ്ടിവരുന്നതായാൽ അവരുടെ ഗതി എന്തായിരിക്കുമെന്നു ആലോചിക്കേണ്ടതാണ്". കഴിഞ്ഞവർഷത്തിൽ ഏതാനും ഉന്നതികൾ പൊളിച്ചുമാറുകയും, അതിന്റെ പ്രതിഫലം കൊടുക്കുവാൻ വളരെ താമസം നേരിടുകയും ചെയ്തപ്പോൾ ഈ കൌൺസിലിൽ ഇതിനെസംബന്ധിച്ചുള്ള ഒരു വലിയ വാദപ്രതിവാദം നടന്നു. ഹാർബർ ബ്രിട്ടീഷ് ഗവർമ്മെൻറുംകൂടി ഉൾപ്പെടുന്ന ഒരു സ്ഥാപനമാകയാൽ നമ്മുടെ ഗവർമ്മെൻറിന്റെ കൈത്തിനു ബലക്കുണ്ടായിരിക്കയില്ലെന്നും, അതിനെല്ലാം ശരിയായ പ്രതിഫലം വാങ്ങുവാൻ സാധിക്കയില്ലെന്നും ഞങ്ങൾ ധരിച്ചുപോയി. പിന്നീടുള്ള ഫലം കണ്ടപ്പോൾ ഏറ്റവും ന്യായമായ ഇക്കാര്യത്തിൽ ബലമായി പിടിച്ചു് സംധിപ്പിച്ചു കൊടുക്കുവാൻ ഗവർമ്മെൻറിനു കഴിയുമെന്നു ഞങ്ങൾ മനസ്സിലാക്കി. അതുകൊണ്ടാണ് ഈ പ്രസ്താവം ഈ കൌൺസിൽവഴിതന്നെ കൊണ്ടുവന്നു പരിഹാരമുണ്ടാക്കാമെന്നുദ്ദേശിച്ചു് ഇതു് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. ഫാസ്റ്റ് ഉന്നതികളാണ് ഇപ്പോൾ അവിടെനിന്നും മാറേണ്ടതായിട്ടു വന്നിരിക്കുന്നതു്. പുഴകളിൽ വഞ്ചിയിൽ സഞ്ചരിച്ചു മത്സ്യംപിടിക്കുന്ന കാര്യത്തിൽ ആ തൊഴിലാളികളും വളരെ കഷ്ടപ്പെടുന്നുണ്ടു്. ഇപ്പോൾ പറയുന്ന ഉന്നതികൾ അവിടെനിന്നും ഏതാനുംവാര മാറ്റി സ്ഥാപിക്കാമെന്നു തൊഴിലാളികൾ സമ്മതിക്കുന്നുണ്ടു്. അങ്ങിനെ ചെയ്യുന്നപക്ഷം ഗവർമ്മെൻറിനോ ഹാർബറിനോ യാതൊരു ദോഷവും വരുവാനില്ലെന്നാണു തോന്നുന്നതു്. ബഹുമാനപ്പെട്ട അരയമെമ്പർ പറഞ്ഞതുപോലെ അദ്ദേഹം

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്ന സ്ഥലം ഇപ്പോ ഹാർബർ പ്രവൃത്തിയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു സ്ഥലമാണു്. ഫെബ്രുവരി മാസത്തിൽ എന്നുപറഞ്ഞാൽ ഏതാണ്ടു് ഫ, ൦൦൦ അടിവരെ മാത്രമുണ്ടു്. ആ സ്ഥലത്തുനിന്നു് അതെല്ലാം മാറ്റി സ്ഥാപിക്കാനാവശ്യപ്പെടാതെ പറിച്ചു തീരെ നശിപ്പിച്ചു് അവരുടെ ആ ഹാർമാർഗ്ഗം തടയുന്നതു വളരെ സങ്കടകരമാണെന്നു ഞാൻ ഗവൺമെന്റിനെ അറിയിച്ചുകൊള്ളുന്നു. അഥവാ പറിച്ചു മാറ്റിയേ കഴിയൂ എന്നു വരുന്നപക്ഷം ഇതിനുമുമ്പിലുണ്ടായ പ്രാവശ്യംകൊടുത്ത പ്രതിഫലം വളരെ നിസ്സാരമായ ഒന്നായിരുന്നുവെന്ന സംഗതി ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. ഫഫ ഉറുപ്പിക മുതൽ ഫ ൭ ൫ വരെയാണു് ഈ ഉരുന്നികൾക്കു് ഗവൺമെന്റു പ്രതിഫലം കൊടുത്തിട്ടുള്ളതു്. ഗവൺമെന്റിനുതന്നെ അറിയാം ഓരോ ഉരുന്നിപ്പാട്ടകളും ൫ ൦ ൦ ഉറുപ്പികക്കും ൪ ൦ ൦ ഉറുപ്പികക്കും അവർ പരസ്പരം തീറുകൊടുത്തിട്ടുള്ളതു്. ചില ഉരുന്നിപ്പാട്ടകൾ ൩ ൦൦-ം, ൪ ൦ ൦ ഉറുപ്പികക്കു പണയം കൊടുത്തിട്ടുമുണ്ടു്. ഇവ്വക സംഗതികൾ നിക്കാട്ടുകൊണ്ടുമൂലം ധാരാളം കാണാൻകഴിയുന്നതുകൊണ്ടു് ഞാൻ ഇതു് ഒരു അത്ഭുതമായി ഗവൺമെന്റിനെ ധരിപ്പിക്കുന്നതല്ല. ടിമാൻപേഷ്കാരവർകൾക്കുതന്നെ അനുഭവം മൂലം അറിയാവുന്നതുമാണു്. ആ സ്ഥിതിക്കു് അവക്കു് ഒരുപക്ഷേ വിലകൊടുക്കുകയാണെങ്കിൽതന്നെയും അതിനുള്ള ശരിയായവില കൊടുക്കണമെന്നാണു ഞാൻ പറയുന്നതു്. നമ്മുടെ ഗവൺമെന്റിന്റെ സ്വന്തം കയ്യിൽനിന്നും പണം യാതൊന്നും കൊടുക്കേണ്ടതില്ല. ഹാർബർ ഡിപ്പാർട്ട്മെന്റിൽനിന്നു് ആ സംഖ്യ അവക്കു ന്യായമായി വാങ്ങിക്കൊടുക്കുവാൻ ഗവൺമെന്റു പ്രയത്നിക്കണമെന്നല്ലാതെ യാതൊരു നഷ്ടവും ഗവൺമെന്റിനു നേരിടുകയില്ല. അങ്ങിനെ വാങ്ങിക്കൊടുക്കാനുള്ള കടമയും ഗവൺമെന്റിനുണ്ടു്. ഈ വിഷയത്തിൽ കൂടുതലായി പറഞ്ഞു സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബഹുമാനപ്പെട്ട ഗവൺമെന്റു് അവരുടെ ഉരുന്നികൾ എടുത്തുമാറുകയാണെങ്കിൽ ന്യായമായി അർഹിക്കുന്ന വിലകൊടുത്തു് അവരെ രക്ഷിക്കണമെന്നുമാത്രമാണു് എനിക്കു പറയുവാനുള്ളതു്".

Mr. K. Achyuta Menon *(Diwan Peishkar):* The whole matter is under correspondence. On 28th June 1938 the Administrative Officer wrote to us that the line should be shifted to the position shown in a plan accompanying the letter. It is about 64 to 66 chains from the new line. Then a petition was forwarded to me for remarks. In the mean time the owners had petitioned to the Government that they are very hard hit by this order and that they are prepared to shift a few of the stakes and that the rest may be allowed to be retained there. Their prayer was that in the case of those shifted full compensation should be given. While that petition was being considered they waited on deputation before the Minister. I was also present there. We heard their grievances in full. The Hon'ble Minister then asked them to tell the precise point to which they were prepared to shift. It is early to think that we will not agree in the matter. On the question of shifting, the Administrative Officer is the best authority, because, he knows the requirements of the Harbour. We have promised to present the case before the Harbour Authorities. I have also sent the Fishery Inspector to take measurements of the point to which they are prepared to shift. I have asked him to take kychits from the owners. When the

LIBRARY ARCHIVES Kerala Legislative Assembly

kychit comes we propose to put the case before the Administrative Officer. In any case they contend that shifting 66 chains is entirely detrimental to them.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഈ സംഗതിയിൽ ഗവൺമെണ്ടിന്റെ പൊസിഷൻ എന്തുണെന്നു് അറിഞ്ഞാൽ കൊള്ളാം.

Mr. K. Achyuta Menon *(Diwan Peishkar):* We will put it before the Administrative Officer. We are very sympathetic.

Mr. K. Ayyappan *(Ezhuvas-Kanayannur):* Are they not entitled to get compensation?

Mr. K. Achyuta Menon *(Diwan Peishkar):* That question will be considered. They can be asked to shift. The question then will be whether the shifting will make it useless. If we agree that the shifting of the stakes will make them useless, then we will press the question of compensation. At present they have agreed to shift to a point. If the Harbour Authorities agree there is an end of the matter. If they don't agree then the question of compensation will have to be taken up.

മിസ്റ്റർ സി. കെ. എസ്സ്. മണി: മട്ടുത്തു ചെയിൻ അകലത്തിൽ മാറി സ്ഥാപിക്കുവാ നനുവദിക്കണമെന്നാണു്.

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെ മാറുവാൻ സമ്മതമാണൊ?

മിസ്റ്റർ സി. കെ. എസ്സ്. മണി: അതു സമ്മതിച്ചില്ലെങ്കിൽ പിന്നെന്തു കായ്യമാണു് കോമ്പൻസേഷൻ.

Mr. K. Achyuta Menon *(Diwan Peishkar):* That will depend upon whether the shifting will make them entirely useless. If we find that they have been rendered useless we will put the question of compensation also.

മിസ്റ്റർ കെ. അയ്യപ്പൻ: അവരോടു് ചോദിക്കുന്നതുകൊണ്ടു് കോമ്പൻസേഷൻ തീർച്ചയായിട്ടും കിട്ടുകയില്ലേ?

മിസ്റ്റർ വി. കെ. കുട്ടി: കോമ്പൻസേഷൻ കിട്ടിയാൽ വല്ലപ്പോഴും കുറച്ചു സംഖ്യ കിട്ടിയെന്നു വരാം. ര ൦ ൦ -ം, ൫൦൦ -ം ഉറപ്പിക്കുക കൈമാറം ചെയ്തുകൊണ്ടിരിക്കുന്ന ഉരുന്നികളാണു് അവ.

Mr. K. Achyuta Menon *(Diwan Peishkar):* Then there is one thing. When you come to the cut motion regarding remission of tax on these stakes the value will be much less than Rs. 400. Please don't forget that.

മിസ്റ്റർ കെ. അയ്യപ്പൻ: ഇതു് മാറാമെന്നു പറഞ്ഞിട്ടുള്ള ഉരുന്നിക്കാരെല്ലാം സമ്മതിച്ചിട്ടുള്ളതാണൊ?

മിസ്റ്റർ കെ. അച്യുതമേനോൻ: അതെ. അവർ നാ ചെയിൻസു് അകലെ പോകാമെന്നു പറഞ്ഞിട്ടുണ്ടു്. അങ്ങിനെ പോകാമെന്നു് അവർ എഗ്രിമെൻറ് ചെയ്തുകഴിഞ്ഞാൽ ആ ബുദ്ധിമുട്ടു കഴിഞ്ഞു.

മിസ്റ്റർ സി. കെ. എസ്സ്. മണി: എന്റെ ഉപക്ഷേപം ഇവിടെ പ്രസ്സു് ചെയ്യണമെന്നുള്ള ഉദ്ദേശമല്ല എനിക്കുള്ളതു്. അവർ ഇപ്പോൾ നാ ചെ

LIBRARY ARCHIVES Kerala Legislative Assembly

യിൻ ഭൂരത്തിൽ ഉയന്നികപ്പം മാറ്റി സ്ഥാപിക്കാമെന്നാണ സ്റ്റോറുമെൻറ കൊടുത്തിട്ടുള്ളതു്. അതു ഹാർബർ അധികാരികളെക്കൊണ്ടു അനുവദിപ്പിച്ചു ഒവാൻ നമ്മുടെ ശ്രമത്തിണ്ടിനെക്കൊണ്ടു സാധിക്കുന്ന കഴിവുകളെല്ലാം ഉപയോഗിക്കണമെന്നാണ് എനിക്കിവിടെ പറയുവാനുള്ളതു്. അതിനു ഹാർബർ അധികാരികപ്പം അനുവദിക്കാത്തപക്ഷം അവർക്കു തരിയായിട്ടുള്ള പ്രതിഫലം വാങ്ങിക്കൊടുക്കേണ്ടതാണ്. ഇതുവരെ കൊടുത്തിട്ടുള്ള പ്രതിഫലം തരിയായ വിലയായിട്ടില്ലെന്നു് അവരുടെ ആക്ഷേപമുണ്ടു്. അതു് ഏകദേശം വാസ്തവമാണെന്നു് എനിക്കു തോന്നുന്നുണ്ടു്. ഒരു ഉയന്നിക്കു് ഇന്നം ൫൦൦—൩൦൦ ഉറുപ്പിക വില കിട്ടിയിട്ടുള്ളതു് എനിക്കറിയാം. റവന്യൂ മെമ്പറവർകപ്പം ഈ കാര്യത്തിൽ വേണ്ടതു പ്രവൃത്തിക്കാമെന്നു പറയുന്നതുകൊണ്ടു് ഈ സഭയുടെ അനുവാദത്തോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

The motion was, by leave, withdrawn.

Cut Motion No. 5.

Revision of rates of tolls for Bullock Carts and Motor Lorries.

മിസ്റ്റർ സി. വി. ഇയ്യു: മിസ്റ്റർ പ്രസിഡണ്ടു്, സർ, എന്റെ ഉപക്ഷേപ ഇതാണു്.

"To reduce the allotment of Rs. 2,33,909 for Establishment-Land Revenue by Re. 1. (To revise rates of tolls charged on bullock carts and increase the tolls for motor lorries).

അതായതു് കാളവണ്ടികപ്പക്കു് അല്ലെങ്കിൽ മുഗങ്ങപ്പം വലിച്ചുകൊണ്ടു പോകുന്ന വണ്ടികപ്പക്കു ചുങ്കം കുറക്കുകയും, മോട്ടോർ ലോറികപ്പക്കും കാറുകപ്പക്കും ചുങ്കം കൂട്ടുകയും ചെയ്യുന്നമെന്നുള്ളതാണു്.

മിസ്റ്റർ കെ. അയ്യപ്പൻ: കട്ടമോഷനിൽ അങ്ങിനെയില്ല.

മിസ്റ്റർ സി. വി. ഇയ്യു: പൊതുവെ പറയുകയാണെങ്കിൽ ശ്രമത്തിണ്ടിൽനിന്നും ഇതിനെ സംബന്ധിച്ചു ചെയ്തിട്ടുള്ള പരസ്യത്തിൽ പല ഭേദഗതികളും വരുത്തുവാനുണ്ടു്. ഈ പരസ്യത്തിനു ചുങ്കം കൺട്രാക്ടർമാർ കൊടുത്തിട്ടുള്ള വ്യാഖ്യാനംകൊണ്ടു പലവിധത്തിലുള്ള തെറ്റിദ്ധാരണകപ്പക്കും ഇടയാക്കി കാളവണ്ടിക്കാരെ വല്ലാതെ ഉപദ്രവിക്കുന്നുണ്ടു്. ഒന്നാമതായിട്ടു് റവന്യൂ ചുങ്കത്തിൽ ഒരു കാളവണ്ടിക്കു് ൫ ണ. വളരെ കൂടുതലും, ഒരു മോട്ടോർ ലോറിക്കു് ൬ ഉറുപ്പിക വളരെ കുറവും ആണു്. മിലിവാൻപേഷ്ക്കാർ അവർകപ്പം ചെയ്തിട്ടുള്ള പരസ്യത്തിൽ പതിനാറാമത്തെ വരിയിൽ—ഗ്രാനിറ്റ് പരസ്യം ചെയ്തിട്ടുള്ളതാണു്—ഓരോ കയറിയ കൂലിവണ്ടി ഒന്നിക്കു് ഒരണയാണ വെച്ചിട്ടുള്ളതു്. അതു തരിയായിട്ടു് കാലിവണ്ടി എന്നതന്നെയാക്കി ഭേദപ്പെടുത്തേണ്ടതാണു്. അതിനെ കൂലിക്കാർ വലിച്ചുകൊണ്ടുപോകുന്ന വണ്ടിയാണെന്നു് അർത്ഥമാക്കി വ്യാഖ്യാനിച്ചു ചുങ്കം കൺട്രാക്ടർമാർ ൫ ണ. വാങ്ങുന്നുണ്ടു്. ഇതിൽ പതിനാലാമത്തെ അയിറ്റത്തിൽ മരം, കല്ലു്, മുള, ഇഷ്ടിക, ഓടു് മുതലായ സാമാനങ്ങപ്പം ജൂൺ ൧ാംനു- തുടങ്ങി സെപ്റ്റമ്പർ ൩൦-ാംനു-വരെ മഴക്കാലത്തു് ൧ ണ. വാങ്ങുന്നുണ്ടു്. വല്ല വീട്ടുസാമാനങ്ങളും വീട്ടുകാർ കാളവണ്ടിയിൽ കയറ്റി കൊണ്ടുപോകുകയാണെങ്കിൽ, അയാളുടെ ഒരു കട്ടിലോ ഒരു കസേരയോ മേശയോ ആട്ടുകല്ലോ അമ്മിയോ എന്തെങ്കിലും ഒരു മുളക്ഷണമോ കൊണ്ടുപോകുകയാണെങ്കിൽ അതിനും ൧ ണ. വാങ്ങിച്ചുവരുന്നു. അതുകൊണ്ടു് വീട്ടുസാമാനങ്ങളായ കട്ടിൽ കസേര മേശ മുതലായ മരസാമാനങ്ങളും, കരിങ്കല്ലു് സാമാനങ്ങളായ ആട്ടുകല്ലു് അമ്മി മുതലായവയും, മുളകൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടാക്കപ്പെട്ടുന്നതായ പനമ്പു് കൊട്ട മുതലായവയും കൊണ്ടുപോകുന്നതിനു് വ്യ ണ. വാങ്ങിവരുന്നതിനെ ഇല്ലാതാക്കുവാൻ അതെല്ലാം വിശദമായി വിവ രിച്ചു് കുലിവണ്ടിക്കാരേയും കാളവണ്ടിക്കാരേയും രക്ഷിക്കുവാനുള്ള ഒരു പ്രൊ വിഷൻ ഉണ്ടാക്കേണ്ടതാണു്. ഇഷ്ടികക്കുള്ള ചൂരം പറഞ്ഞിട്ടുള്ളതിന്റെ കൂ ട്ടത്തിൽ ഓടിനും മണ്ണു കൊണ്ടുപോകുന്നതിനും വ്യ ണ. പിരിച്ചുവരുന്നുണ്ടു്. കാളവണ്ടികൾ ഈ രാജ്യത്തു വളരെ കുറഞ്ഞുപോയതാണു" ഇതിനു കാരണം. ബഹുമാനപ്പെട്ട തോട്ടക്കാരുടെ പ്രതിനിധി പറഞ്ഞതുപോലെ കൃഷിക്കാക്കു് പശ്ചിമ (വളം) ചാണകം മുതലായവ കിട്ടാറില്ല. ചാണകം വളമായിട്ടു് നെൽകൃഷിക്കുപയോഗിക്കുവാൻ വളരെ നല്ലതാണെന്നു ബഹുമാനപ്പെട്ട മിനി സ്റ്റർതന്നെ പറഞ്ഞിട്ടുണ്ടു്. ഒരു ഏക്കാള ഒരു വില്ലേജിൽ ൧൦൦ കൊട്ട ചാ ണകം ഒരു കൊല്ലത്തേക്കു് ഇടുമെങ്കിൽ അതു് ആ വില്ലേജിലേക്കു് ഒരു (wealth) ആയി—അഥവാ—ഒരു നിധിയായിരിക്കും. മോട്ടോർ ബസ്സുകളും കാറുക ളും വില്ലേജുകൾക്കു് ഒഴിയാത്ത ദോഷകാരണമായി പരിണമിച്ചിരിക്കുന്നു. ലോറിയെ ഒഴിക്കുകയാണെങ്കിൽ അതു രണ്ടുപ്രകാരത്തിൽ ഗുണമുണ്ടു്. ലോ റി നിമിത്തം ഒന്നാമതു് റയിൽവേക്കു നഷ്ടം, രണ്ടാമതു് കാളവണ്ടികളുടെ നി ലനില്പിനു ദോഷം. തീവണ്ടികൾ ഓടാത്തതായ കോഴിക്കോട്ടുള്ള വയനാ ട്ടിലേക്കും മറ്റും ൫൦-൦ ൧൦൦-൦ നാഴിക ഓടിക്കുന്നതിനു് ലോറികൾക്കു പെർമിറു കൊടുക്കുകയാണെങ്കിൽ വിരോധമില്ല. എന്നാൽ തൃശ്ശൂർ—കുന്നം കുളം, തൃശ്ശൂർ—ഇരിങ്ങാലക്കുട, തൃശ്ശൂർ—പാലക്കാടു് ഈ സ്ഥലങ്ങളിലേക്കു് ലോറികൾക്കു പെർമിറു കൊടുക്കയില്ലെന്നു വെക്കണം. ലോറികളിൽ നി ന്നുണ്ടാകുന്ന ആദായം മുഴുവനും പോകുന്നതു വിദേശങ്ങളിലേക്കാണു്. ഈ രാജ്യത്തു് ഒരാൾക്കു് ഒരു കാളവണ്ടിയും രണ്ടു കന്നുകാലിയുമുണ്ടെങ്കിൽ അവ ന്റെ വീട്ടിലെ ചിലവു കഴിക്കാം. ലോറിക്കു സൂര്യോദയം മുതൽ സൂര്യോദ യംവരെ ചാർജ്ജു് ചെയ്യുന്നതു് രണ്ടുറുപ്പിക മാത്രമാണു്. ലോറിയിൽ കൊ ണ്ടുപോകുന്ന സാമാനങ്ങൾ കാളവണ്ടിയിൽ കൊണ്ടുപോകുകയാണെങ്കിൽ വ ഉറുപ്പികയാണു് ആദായം കിട്ടുന്നതു".

ഈ കഴിഞ്ഞ വേനൽക്കാലത്തു് ബ്രിട്ടീഷ" അതിർത്തിയിൽപ്പെട്ട ചാലി ശ്ശേരിയിലേക്കു" തൃശ്ശൂരിൽനിന്നും പെരുമ്പിലാവിൽനിന്നും ഏതാണ്ടു" ൧൫ ദി വസംവരെ ദിവസമൊന്നിനു" ൧൫, ൨൦ പ്രാവശ്യം വീതം കുത്തുമാവിന്റെ അണ്ടി രാവും പകലും ഇടവിടാതെ ലോറി നിറച്ചു് കൊണ്ടുപോയിട്ടുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ : അതിന്റെ കാരണമെന്താണു് ?

മിസ്റ്റർ സി. വി. ഇയ്യു : രണ്ടുറുപ്പികമാത്രം ചൂരം കൊടുത്താൽ മതി യെന്നുള്ള ആദായം കണ്ടിട്ടു്. ഒരു പ്രാവശ്യം ഒരു ലോറി പോകുമ്പോൾ ൩ ഉറുപ്പികയെന്നാക്കുക. അപ്പോൾ ലോറി ഇത്രയധികം ഓടുകയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ : ആദായമുണ്ടാകുന്നതു വ്യാപാരത്തിനു നല്ലതല്ലേ ?

മിസ്റ്റർ സി. വി. ഇയ്യു : അതുകൊണ്ടു ദോഷവും ഉണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ : ലോറികൾക്കും വല്ലതും കിട്ടണ്ടേ ?

മിസ്റ്റർ സി. വി. ഇയ്യു : അതുകൊണ്ടു് ഒഴിച്ചുകൂടാത്ത ദോഷങ്ങളാണ കാണപ്പെടുന്നതു". പ്രധാനമായി കൃഷിക്കാണു ദോഷം നേരിടുന്നതു". കൃ ഷിയുടെ ആവശ്യത്തിനായി കാളവണ്ടിയിൽ വളം, മുളച്ചു വിത്തു്, മെതി ക്കാത്ത കറ്റ, വെണ്ണീറു്, ചാണകം, പച്ചിലവളം മുതലായ സാമാനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോകുവാൻ യാതൊരു പൈയും ചുങ്കം കൊടുക്കേണ്ടതില്ലെന്ന വ്യവസ്ഥ ചെയ്യേണ്ടതാണു്. ദിവാൻപോഷ്ക്കാരവർകളുടെ ഇപ്പോഴത്തെ പരസ്യമനസരിച്ചു് അതിനു സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. പഞ്ചായത്തു റോഡുകൾ വഷ്ിച്ചുവരുന്നതു കാരണം അവിടെയെല്ലാം ചുങ്കങ്ങൾ വെക്കുന്നുണ്ടു്. അങ്ങിനെ ചുങ്കം വെച്ചിട്ടുള്ളതു കാരണം കൃഷിക്കാരന്റെ നിലത്തിൽനിന്നും വീട്ടിലേക്കു് ഒരു ഫർലോങ്ങുമാത്രം ദൂരെ പോകേണ്ടിവരുന്നപക്ഷം ചുങ്കം കൊടുക്കേണ്ടിവരുന്നുണ്ടു്. ഒരു വണ്ടി ചാണകം കൊണ്ടുപോയി അവന്റെ നിലത്തിൽ വളം ചേക്കുവാൻ ഒരു ദിവസം ര ണ. ചിലവുവരും. വിതക്കുവാനുള്ള വിത്തു് കൃഷിക്കാരന്റെ വീട്ടിൽവെച്ചു മുളപ്പിച്ചായിരിക്കും കൊണ്ടുപോകുന്നതു്. അതിനും ര ണ. കൊടുക്കണം. അതുപോലെതന്നെ ഞാറു വണ്ടിയിൽ കയറ്റി കൊണ്ടുപോകുകയാണെങ്കിൽ അതിനും ര ണ. കൊടുക്കണം. നെല്ലുകൊയ്തു കറ്റ കൊണ്ടുവരുകയാണെങ്കിൽ അതിനും കൊടുക്കണം ര ണ. അതുകൊണ്ടു് കൃഷിയുടെ ആവശ്യത്തിനായി സാമാനങ്ങൾ വണ്ടിയിൽ കയറ്റിക്കൊണ്ടുപോകുകയാണെങ്കിൽ അതിനെല്ലാം ചുങ്കം തീരെ ഒഴിവാക്കുകയും, ഇതിനുംപുറമെ എല്ലാ കാളവണ്ടികൾക്കും ഒരണ ചുങ്കം കുറക്കുക. വ ണ. ചുങ്കം വെച്ചിട്ടുള്ളതു് ഏതിനെല്ലാമാണെന്നുള്ളതു വിശദമാക്കുക. കാലിവണ്ടി എന്നതു ഭേദപ്പെടുത്തി കാലിവണ്ടി എന്നാക്കുക. ഇതിനെല്ലാം പുറമെ ഒരു ലോറി ഒരു tripനു ര ഉറുപ്പിക കൊടുക്കണമെന്നു വെക്കുക. അങ്ങിനെയാണെങ്കിൽ ഒരിക്കൽ പോയ ലോറി ഒരു ദിവസം അനവധി പ്രാവശ്യം മടങ്ങിവരികയില്ല. മോട്ടോർ കാറുകൾക്കു വേണമെങ്കിൽ സൂര്യോദയം മുതൽ സൂര്യോദയംവരെ ര ഉറുപ്പിക വെച്ചാലും തരക്കേടില്ല; ലോറികൾക്കു നിശ്ചയമായും ഒരു tripനു ര ഉറുപ്പികവീതം തീർച്ചയായും വാങ്ങണം. തിരുവിതാംകൂറിൽ ഒരു സ്ഥലത്തു ചുങ്കം കൊടുക്കുന്നതുകൊണ്ടു് മറേറ ചുങ്കത്തിൽനിന്നു് ഒഴിവാക്കുന്നില്ല. കൊച്ചീരാജ്യത്തിലാണെങ്കിൽ എവിടെയെങ്കിലും ഒരു ചുങ്കം കൊടുത്താൽ മതി. അതിവേഗത്തിൽ പോകുന്ന വാഹനങ്ങൾ കൂടുവായതുകൊണ്ടു് മൃഗങ്ങൾ വലിക്കുന്നതും മനുഷ്യർ വലിക്കുന്നതുമായ കൃഷിയാവശ്യത്തിനുവേണ്ടി സാധനങ്ങൾ കൊണ്ടുപോകുന്ന വണ്ടികൾക്കു് ചുങ്കം തീരെ ഒഴിവാക്കുകയും, ലോറികൾ ഒരു പ്രാവശ്യം ര ക. ചുങ്കം കൊടുക്കണമെന്നു വ്യവസ്ഥപ്പെടുത്തുകയും, ര ം നാഴികക്കുള്ളിൽ വ്യവസായ കേന്ദ്രങ്ങളുള്ള ദിക്കുകളിലേക്കു് ലോറികൾക്കു് പെർമിറു് കൊടുക്കാൻ പാടില്ലാത്തതുമാണു്. ഇതുമാത്രമാണു് എനിക്കിതിനെപ്പറ്റി പറയുവാനുള്ളതു്.

Mr. V. J. Mathai *(Planters):* Sir, I feel called upon to speak upon this motion, because the second part of it really affects several institutions and planters belonging to my constituency. I am in the most unhappy position of having to support the first half and opposing the second half of it. As regards the first half, that of lessening the toll on bullock carts, I am in complete agreement with the mover. Everybody will admit that some sort of relief ought to be given to these bullock cart owners. But as regards the second portion I have to oppose it. Everybody knows the distance of several plantations from the Harbour. The chief means of transport for them are lorries. It is of recent occurrence that the Kannan Devan Hills are sending all their produce to the Cochin Harbour by lorry. Further, if the toll is increased traffic may possibly be diverted and we may lose the revenue we get. I am told that goods which were being sent to Tuticorin and other places are now sent to Cochin. We

LIBRARY ARCHIVES Kerala Legislative Assembly

have to consider that aspect of the question. We may deprive ourselves of a large amount by way of customs. Then what about the Malakkipara, the Nelliampathi, and the Palappilli estates in this State? We cannot do away with lorries. I do not think it is in the interests of the development of the country to increase the toll upon lorries. Then as regards the wider question whether we should boycott lorries, because a large amount of money is drained away from our country, I have to say that we will have to deprive ourselves of very many things besides lorries to achieve that object. Even Mahatma Gandhi who is perhaps the greatest advocate of the boycott of foreign goods never boycotts trains and motor cars and lorries because they are indispensable. We cannot get on without these things. I don't know whether the hon'ble mover himself could travel from Kunnamkulam to Ernakulam without motors and the railway. I don't know whether he will walk all the distance or come jolting in a bullock cart. If he is against the motor car and the lorry, because it is a drain on our income to foreign countries I am with him on that question. We should have our own motor cars and lorries made here. Construct our own cars here and compete with foreign manufacturers as the Japanese are doing. But to say that the lorries should be abolished is not a proposition to which I can subscribe. I have very great respect for the intention of the hon'ble mover and while I am with him with regard to the first part of the motion, I am sorry, in the interests of my constituency and in the wider interests of the country, I am compelled to oppose the second part.

Mr. K. Achyuta Menon *(Diwan Peishkar):* Sir, this motion cannot be accepted as these rates have been in existence for quite a large number of years. It was only from very recent times that complaints have been heard. The hon'ble member had brought it to the notice of the Government in the form of resolutions some time before. There are two portions in the motion and the intention is very clearly pointed out in the speech. The first part benefits only the bullock carts. The rules are very clear with respect to bullock carts. What was being argued was that tolls are being levied in contravention of the notification. If that is so, I am willing to consider the question. Dealing with that aspect of the question there is no point in arguing it in this manner. The rules are very clear. The rates are also very clear with regard to carts loaded with timber, stones, bamboos, tiles, etc.

Mr. C. V. Iyyu *(Kunnamkulam):* If there is one stone it is taken to be a cart loaded with stones.

Mr. K. Achyuta Menon *(Diwan Peishkar):* That matter has to be looked into. The rule says that carts with loads should pay 8 annas in winter months and 4 annas in other months. Even carts plying

LIBRARY ARCHIVES Kerala Legislative Assembly

for hire have to pay 4 annas and carts for hire without load, two annas. If there is any single case where a cart which does not fall within the rates specified by the rules has been taxed, I shall be willing to enquire. As regards the question of revision of rates I do not think that the present rates are unreasonable considering the damage done to roads by these carts. Anybody who travels from Trichur to Chittur knows the kind of havoc that they do to the roads. These rates have been in existence for a number of years without any change. With respect to the increasing of charge on motor lorries, I agree with the Hon'ble Member for Planters. He has pointed out the danger for motor transport in accepting the suggestion.

Mr. C. V. Iyyu *(Kunnamkulam):* The Member for Planters have pointed out only certain roads. Lorries may be allowed to run on those roads.

Mr. V. J. Mathai *(Planters):* I do not think the hon'ble member has understood me correctly. My remarks were general.

Mr. C. V. Iyyu *(Kunnamkulam):* The toll must be higher than Rs. 2 in any case. Then they will find it exceedingly difficult to compete with bullock carts.

Mr. K. Achyuta Menon *(Diwan Peishkar):* Your object in increasing the toll on lorries is to benefit the bullock carts. That is patent.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട റവന്യൂ മെമ്പറവർകൾ വണ്ടികളുടെ ചുങ്കനിരക്ക് വളരെകാലമായി നിലനിന്നുവരുന്നതാണെന്നു സമാധാനം പറയുകയുണ്ടായി. ഒന്നാമത്തേ കൃഷിഉല്പന്നങ്ങളുടെ വിലയിടിവുനിമിത്തം കൃഷിക്കാർക്കു വളരെ ദോഷമുണ്ട്. അതുനിമിത്തം കാളവണ്ടിക്കാരും വളരെ കഷ്ടപ്പെട്ടുവരുന്നുണ്ട്. ഞാൻ കാളവണ്ടികളിൽ വളംകൊണ്ടുപോകുന്ന കാര്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞതിനാണ് ബഹുമാനപ്പെട്ട റവന്യൂ മെമ്പറവർകൾ യാതൊന്നും സമാധാനം പറഞ്ഞില്ല.

Mr. K. Achyuta Menon *(Diwan Peishkar):* If it is not liable to be taxed, I do not find any provision under which it can.

Mr. C. V. Iyyu *(Kunnamkulam):* I want a special provision to be introduced.

Mr. K. Achyuta Menon *(Diwan Peishkar):* If they are paying tolls for a number of years now there is no reason why they should be exempted. On the other hand, if they are exempt, no toll will be collected from them. I will however look into the matter.

മിസ്റ്റർ കെ. അയ്യപ്പൻ: വളം കൊണ്ടുപോകുന്നതിനു ടോൾ കൊടുക്കണമോ?

മിസ്റ്റർ കെ. അച്യുതമേനോൻ: കാളവണ്ടികളെ ഒഴിവാക്കിട്ടുണ്ടെങ്കിൽ കൊടുക്കണ്ടാ.

Carts not mentioned in the proclamation need not pay the tolls.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: ഈ ആക്ടിൽ പറയാത്തതിനു കൊടുക്കുന്നതെന്തിനാണു്?

മിസ്റ്റർ കെ. അച്യുതമേനോൻ: ആക്ടിൽ പറയാത്തതിനു കൊടുക്കണ്ടാ.

മിസ്റ്റർ സി. വി. ഇയ്യു: വീട്ടുസാമാനങ്ങളെല്ലാം ടിമ്പറായിട്ടുള്ള അയിറ്റമല്ലെന്നു സ്പെസിഫൈ ചെയ്തിട്ടുണ്ടോ?

Mr. K. Ayyappan *(Ezhuvas-Kanayannur):* Supposing that it is taken for hire, it will come under some other head.

മിസ്റ്റർ സി. വി. ഇയ്യു: ഒരു കൃഷിക്കാരനു് ഒരു വണ്ടിയുണ്ടെങ്കിൽ വേറെ ഒരു വണ്ടി അയാൾ കൂലിക്കു വാങ്ങിയാൽ ടോൾ കൊടുക്കണം, അയാളുടെ സ്വന്തം വണ്ടിയായാൽ കൊടുക്കണ്ടാ എന്നാണോ?

Mr. K. Achyuta Menon *(Diwan Peishkar):* The effect of this will be to hold a small court in front of the toll-gate keeper without any legal appearance and with the toll-keeper as the Judge.

മിസ്റ്റർ സി. വി. ഇയ്യു: ഈ രൂൾ ക്ലിയറാക്കിയാൽ യാതൊരു വ്യവഹാരവും വരുകയില്ല. വെണ്ണീറു്, ചാണകം, പച്ചിലവളം, ഞാറു്, മെതിക്കാത്ത കാറു ഇതിനെല്ലാം ചുങ്കം ഒഴിവാക്കീട്ടുണ്ടെന്നു പൂണ്ടികാണിച്ചാൽ മതി.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിം സേട്ട്: കച്ചവടത്തിനായിട്ടു കൊണ്ടുപോകുകയാണെങ്കിലോ?

മിസ്റ്റർ സി. വി. ഇയ്യു: കച്ചവടത്തിനു കൊണ്ടുപോകുന്നതാണെങ്കിൽ തന്നെയും കൃഷിയാവശ്യത്തിനുള്ളതല്ലേ? ഞാനാവശ്യപ്പെട്ടിട്ടുള്ളതു് കാളവണ്ടികൾക്കു് ഒരണ കൂടുതലാണു്. എല്ലാ വിവരങ്ങളും റൂൾസിൽ തരിയായി വിശദീകരിക്കണം. മരംകൊണ്ടുണ്ടാക്കീട്ടുള്ള സാമാനങ്ങൾ എല്ലാം വീട്ടുസാമാനങ്ങളല്ലേ?

മിസ്റ്റർ കെ. അച്യുതമേനോൻ: വീട്ടുസാമാനങ്ങൾ ഒരു വണ്ടി നിറച്ചായാലും വേണ്ടെന്നാണോ പറയുന്നതു്?

മിസ്റ്റർ കെ. അയ്യപ്പൻ: ഫർണിച്ചർ എല്ലാം ടിമ്പറായിട്ടോ ലോഡായിട്ടോ കണക്കാക്കുമോ?

Mr. K. Achyuta Menon *(Diwan Peishkar):* Why it should not be a cart loaded with timber? If a cart is loaded it is a danger to the roads. That is the criterion.

Mr. C. R. Iyyunni *(Trichur-South):* No body will take timber to mean furniture.

Mr. K. Achyuta Menon *(Diwan Peishkar):* Furniture is wrought timber.

Mr. C. V. Iyyu *(Kunnamkulam):* I want to bring to the notice of the House that loads of furniture will not so much damage the roads.

Mr. K. Achyuta Menon *(Diwan Peishkar):* Any question which arises upon the working of this notification we are willing to consider.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. R. Iyyunni *(Trichur-South):* In any case we must make the facts clear. Interpretation will be different in the case of different people.

Mr. K. Achyuta Menon *(Diwan Peishkar):* There is no question of interpretation here. I am willing to give a ruling to the best of my ability if any such thing is brought to my notice.

മിസ്റ്റർ സി. വി. ഇയ്യു: ദിവാൻ പേഷ്കാർ അവർകൾ ഈ കാര്യത്തിൽ ഒയവോട്ടുകൂടി വീക്ഷിക്കാമെന്നു പറഞ്ഞിട്ടില്ല. അങ്ങിനെ പറയുകയാണെങ്കിൽ ഞാൻ ഇതു പിൻവലിക്കാം.

Mr. K. Achyuta Menon *(Diwan Peishkar):* Any question of interpretation if brought to my notice, I am willing to give a ruling that such and such a thing will follow or will not follow to the best of my ability.

മിസ്റ്റർ കെ. അയ്യപ്പൻ: കുസേര ടിമ്പറാണെന്നുള്ള രൂളിംഗ് വരുത്തു".

Mr. K. Achyuta Menon *(Diwan Peishkar):* These occasional answers may not be my final conclusions. We have to consider the question.

മിസ്റ്റർ സി. വി. ഇയ്യു: വളം കൊണ്ടുപോകുന്ന കാര്യത്തിൽ എങ്ങിനെ തീരുമാനിക്കുവാനാണു വിചാരിക്കുന്നതു്?

Mr. K. Achyuta Menon *(Diwan Peishkar):* Does that right come into this cut motion?

Mr. C. V. Iyyu *(Kunnamkulam):* It may not come in this cut motion. But in the matter of revision all these things will come in.

മിസ്റ്റർ കെ. അയ്യപ്പൻ: റിവിഷന്റെ കാര്യമല്ല, ഇൻറർപ്രട്ടേഷൻ മാത്രമേയുള്ളു.

മിസ്റ്റർ സി. വി. ഇയ്യു: ഈ സംഗതിയെക്കുറിച്ചു് കുറച്ചുകൂടി ആലോചിച്ചു് ശരിപ്പെടുത്താമെന്നുണ്ടെങ്കിൽ ഞാൻ ഇതിനെ പിൻവലിക്കാം.

Mr. Deputy President: The Diwan Peishkar has made the position clear as far as he can. If you are pressing it to a division I will put the question to vote.

മിസ്റ്റർ സി. വി. ഇയ്യു: ഇതിന്റെ നില കണ്ടിട്ടു് ഞാൻ ഇതു പ്രസ്സു ചെയ്യണമെന്നു വിചാരിക്കുന്നില്ല.

The motion was, by leave, withdrawn.

Cut Motion No. 6.

To start a Central Society for collection and despatch of dried prawns from Cochin and to appoint a Trade Agent at Rangoon.

മിസ്റ്റർ സി. കെ. എസ്സ്. മണി: *To reduce the allotment of Rs. 26,897 for Land Revenue by Re. 1. (To impress upon the Government the desirability for starting a Central Society for the*

LIBRARY ARCHIVES Kerala Legislative Assembly

collection and despatch of dried prawns from Cochin and to appoint a trade agent at Rangoon for the sale of prawns).

സർ, രാജ്യത്തിലെ മുതലെടുപ്പ് വർദ്ധിപ്പിക്കുവാൻ ഗവൺമെണ്ടും ഈ നിയമസഭയും ഒന്നുപോലെ ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ ദിവാൻജിയവർകൾ ഇവിടെ വന്നതിനുശേഷം പല ധനാഗമമാർഗ്ഗങ്ങളിലും എടുപ്പിടുകയും അവയെ പൂർണ്ണമായും ഫലപ്രദമാക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം സ്പർശിക്കുന്നതെല്ലാം കനകമായി മാറുന്നുവെന്ന്, ഇന്നാട്ടിലാണല്ലൊ ഷൺമുഖം റോഡിന്റെ ഉൽഘാടനാവസരത്തിൽ അന്ന് ഇവിടെ റസിഡണ്ടായിരുന്ന മി. സി. പി. സ്ക്രീൻ പരസ്യമായി പ്രസ്താവിച്ചത്. എന്നാൽ അദ്ദേഹത്തിന്റെ ശ്രദ്ധ ഞാൻ ഇവിടെ പ്രതിപാദിക്കുവാൻ പോകുന്ന വിഷയത്തിൽ ഇതേവരെ പതിഞ്ഞുകാണാത്തതു്, ഈ വിഷയത്തിൽ അദ്ദേഹത്തിനുള്ള സാങ്കേതികജ്ഞാനത്തിന്റെ അഭാവംകൊണ്ടായിരിക്കണം. കാര്യങ്ങൾ ശരിയായി മനസ്സിലാക്കിയാൽ അദ്ദേഹത്തിന്റെ സാമ്പത്തികമായ ഇന്നിയത്തെ പ്രഥമപരീക്ഷണം ഈ വിഷയത്തിലായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഗ്രാമമാധാരണപ്രവർത്തികൾക്കു പണം പോരെന്നു ജനപ്രതിനിധികൾ ആക്ഷേപിക്കുന്നു. പണം ഉണ്ടാക്കുവാൻ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വെട്ടിക്കുറക്കുവാൻ ശഠിക്കുന്നു. വിദ്യാഭ്യാസപ്രചരണം, വൈദ്യസഹായം മുതലായവ വിപുലമാക്കണമെന്നു ജനപ്രതിനിധികൾ വാദിക്കുമ്പോൾ മടിശ്ശീലയുടെ ഘനക്കുറവു് ഗവൺമെണ്ടു് ചൂണ്ടിക്കാണിക്കുന്നു. ഇന്നു രാവിലെയാണല്ലൊ ഫ് ഫ/൨ ശതമാനം നികുതികുറക്കണമെന്നുള്ള വാദമുണ്ടായതു്. ഞാൻ ഇവിടെ പ്രതിപാദിക്കുവാൻ പോകുന്ന വിഷയം ഈവക വാദങ്ങൾക്കു് കുറെയെങ്കിലും നിവാരണമുണ്ടാക്കുന്നതായിരിക്കും. ചുരുങ്ങിയ പക്ഷം മൂന്നു ലക്ഷം ഉറുപ്പികയെങ്കിലും ആദായമുണ്ടാക്കുവാൻ സാധിക്കുന്ന ഒരു കാര്യമാണിതു്. ഇതു വലിയ ഒരു ധനാഗമമാർഗ്ഗം, അതു ചെമ്മീൻപരിപ്പിൽനിന്നായതുകൊണ്ടു വേണ്ടെന്നു് ആരും പറയുമെന്നു എനിക്കു തോന്നുന്നില്ല.

സർ, ചെമ്മീൻപരിപ്പു വില്പനക്കായി റങ്കൂണിൽ ഒരു ഏജൻറിനെ നിയമിക്കണമെന്നു വ്യവസായവാണിജ്യോപദേശകസമിതിയിൽ ഒരു പ്രമേയം ഞാൻ കൊണ്ടുചെന്നിരുന്നു. ചെമ്മീൻപരിപ്പു ശേഖരിക്കുന്നതിനും അയക്കുന്നതിനും ഒരു സെൻട്രൽ സൊസൈറ്റി സ്ഥാപിക്കുന്നതുവരെ ആ കാര്യം നീട്ടിവെക്കാനാണു കമ്മിറ്റി തീരുമാനിച്ചിരിക്കുന്നതു്. ഈ വ്യാപാരം വളരെ കാലമായി മറുള്ളവർ നടത്തി അവർ ആ വിപണികൾ സ്വാധീനപ്പെടുത്തിയിരിക്കുന്നതിനാൽ നാം പുതുതായി ഈ വ്യാപാരം നടത്തിയാൽ മറുള്ളവരോടു മത്സരിക്കുവാൻ സാധിക്കുമോയെന്നു ഗവൺമെണ്ടു സംശയിക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: മറുള്ളവർ ആരാണു്?

മിസ്റ്റർ സി. കെ. എസ്സ്. മണി: അപൂർവ്വം ചില സേട്ടുമാർ.

ബഹുമാനപ്പെട്ട സാമാജികന്മാരും ഗവൺമെണ്ടും ഒരു കാര്യം ധരിക്കേണ്ടതുണ്ടു്. മറുള്ള സാധനങ്ങളെപ്പോലെ ചെമ്മീൻപരിപ്പു് മറെവിടെനിന്നും കിട്ടുന്നതല്ല. ഇവിടെനിന്നു ഫ൨൦൦൦ കണ്ടിയിൽ കൂടുതൽ ചെമ്മീൻപരിപ്പു് കയറ്റിപോകുന്നുണ്ടു്. കണ്ടിക്കു ഫ൧൦൦ക. മുതൽ ൨൦൦ക. വരെ കൂടിയും, കുറഞ്ഞും വില്പന നടന്നുകൊണ്ടിരിക്കുന്നു. ഫ൨൫൦ക. മൊത്തത്തിൽ കണക്കാക്കിയാൽ ഫ൫ ലക്ഷം ഉറുപ്പികയുടെ പരിപ്പു് ഇവിടെനിന്നും കയറ്റി അയക്കുന്നുണ്ടെന്നു കാണാം. ഈ പതിനഞ്ചുലക്ഷം ഉറുപ്പികയുടെ പരിപ്പിനു പുറമെ ലക്ഷത്തി എഴുപത്താറായിരത്തിൽ ചില്വാനം ഉറുപ്പികയാണു് പരിപ്പിന്റെ ഉടമസ്ഥന്മാർക്കു കിട്ടുന്നതു്. ബാക്കിയുള്ള നാല്പതിനായിരത്തിമുവ്വായിരത്തിൽ ചില്വാനം ഉറുപ്പിക കമ്മീഷനായും

LIBRARY ARCHIVES Kerala Legislative Assembly

ഇതരചിലവുകളായും പോകുന്നു. ഫ ൭ ൫ ക. വിലക്കുള്ള പരിപ്പു രങ്കൂണിൽ വിറ്റ ഒരു വിലവിവരപട്ടിക ഞാൻ കാണുകയുണ്ടായി. മന്ത്രിമാരുടെ അറിവിലേയ്ക്ക് അതു വിശദമായി ഇവിടെ വിവരിക്കാം. ഫ ൭ ര —വ —൦ ഉരുപ്പികയ്ക്ക് രങ്കൂണിൽ ചരക്കു വിറ്റ. അതിന്റെ ചിലവുകളാണു ഞാൻ പറയുന്നതു്.

നിറ്റുന്ന് വരുചരട്ട മുതലായതിന്റെ ചിലവു്	ഫ — ര —൦
കാലിചാക്കു് വ -ന്നു്	ര — ൦ —൦
കേവു്, ഭീമ, തോണിക്കൂലി etc.	ഫ ര —ഫ ഫ —൦
രങ്കൂൺ കമ്മീഷൻ	വ —ഫ ഫ —൦
രങ്കൂൺ ചിലവു്	ന — ൦ —൦
ഹുണ്ടിയവട്ടം	ഫ —ഫ ഫ —൦
ഇവിടെ കമ്മീഷൻ	ന — ൦ —൦
കമ്പി	൦ — വ —൦
ധർമ്മാവു്	൦ — ര —൦
ആകെ	ര ൫ —ര —൦

ഈ കണക്കുപ്രകാരം ഫ ൫ ൦ ലക്ഷം ഉരുപ്പികയുടെ പരിപ്പിന്റെ മൂന്നാലക്ഷത്തി എമ്പത്തി അയ്യായിരത്തി എഴുനൂറിൽ ചിലവാണം ഉരുപ്പിക ചിലവുകാണും. ഈ കണക്കിൽ ഉൾപ്പെടാതെ ഒരു മന്നിന്റെ ¾ റാത്തൽവീതം കൊച്ചിയിലെ കച്ചവടക്കാർ വാശിയെടുക്കുന്നുണ്ടു്. ഇവിടെ നിന്നയക്കുന്ന ഫഫ,൦൦൦ കണ്ടി പരിപ്പിന്റെ മന്നിന്റെ ¾ റാത്തൽവെച്ചു കണക്കാക്കിയാൽ ന൦൦ കണ്ടി പരിപ്പു വാശിയായി എടുക്കുന്നുണ്ടു് എന്നു കാണാം. അതിന്റെ ഫ ഫ ൫ ക. വിലവെക്കുമ്പോൾ ന ൭,൫൦൦ ആ ഇനത്തിൽ കമ്മീഷൻ പോകുന്നുണ്ടു്. ഈ സംഖ്യയും കൂടിക്കൂട്ടുമ്പോൾ ഞാൻ പ്രസ്താവിച്ച നാലുലക്ഷത്തി ഇരുപത്തിമൂവായിരത്തിൽ ചിലവാണം ഉരുപ്പിക ചിലവുണ്ടെന്നു സ്പഷ്ടമാകുന്നു. ഈ ഇനത്തിൽ കമ്മീഷൻമാത്രം കണക്കാക്കുന്നതായാൽതന്നെ ഫ,൯ വ,ഫ ൦ ൦ ക.യിൽ കൂടുതൽ വരും. മറ്റുള്ള ചിലവുകൾ യഥാർത്ഥത്തിലുള്ളതിലും വലിയ കൂട്ടലാണു്. അതെല്ലാം ആ നിലക്കുതന്നെ കണക്കാക്കിയാലും ഫ ഫ/ഫ ലക്ഷം ഉരുപ്പിക നമുക്കു അറാദായം ഉണ്ടാകുന്നതാണു്. വാസ്തവത്തിൽ രണ്ടുരണ്ടര ലക്ഷം ഉരുപ്പിക ആദായമുണ്ടാക്കുവാൻ സാധിക്കും. ഈ ആദായം തുടർച്ചയായി കിട്ടുന്നതുമാണു്. മറ്റുള്ള കച്ചവടങ്ങളെപ്പോലെ ഇതിൽ നഷ്ടംവരുമെന്നൊന്നും പേടിക്കാനില്ല. ഇതു വെറും Commission System ത്തിൽ നടത്തുന്ന ഒരു business ആണു്.

ഈ വ്യാപാരം എങ്ങിനെ നടത്തണമെന്നുള്ളതിനെപറ്റിയാണു് ഇനി ആലോചിക്കേണ്ടതു്. ഞങ്ങൾക്കു തനിച്ചു് ഈ വ്യാപാരം നടത്തുവാൻ സാധിക്കുന്നതല്ല. ഗവർമ്മെണ്ടു് നേരിട്ടു് ഒരു കച്ചവടം നടത്തണമെന്നു പറയുവാനും ഞാൻ ഒരുക്കമില്ല. ഒരു central marketing society സ്ഥാപിക്കുക. അതിന്നു വേണ്ട ധനസഹായം ഗവർമ്മെണ്ടു ചെയ്യണം. ഗവർമ്മെണ്ടു അതിനെ നിയന്ത്രിക്കണം, പരിപ്പു ശേഖരിക്കുവാൻ കൊച്ചിയിൽ ഒരു godown വേണം, അതുപോലെതന്നെ രങ്കൂണിലും ഒന്നു വേണ്ടിവരും. വിശ്വസ്ഥനും സമർത്ഥനുമായ ഒരു ഏജൻറിനെ രങ്കൂണിൽ നിയമിക്കണം. ഇതെല്ലാം ചെയ്യുകഴിഞ്ഞാൽ ഈ സ്കീം നടപ്പിൽ വരുത്താം. ഇതിൽ വെണ്ടിവരുന്ന ജോലിക്കാരുടെ ശമ്പളവും മറ്റും ആദ്യം പ്രസ്താവിച്ച ചിലവിനത്തിൽ നടന്നുപോകുന്നതായിരിക്കും. ബഹുമാനപ്പെട്ട സാമാജികന്മാരുടെ സ്വീകരണത്തിന്നായി ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇസ്മായിൽഹാജി ഈസാ സേട്ട്: റങ്കൂണിലേയും ഇവിടത്തേയും തുക്കത്തിനു വ്യത്യാസമുണ്ടോ?

മിസ്റ്റർ സി. കെ. എസ്സ്. മണി: വല്ല വ്യത്യാസവുമുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാ സേട്ട്: ഉണ്ടോ എന്നാണു ചോദിക്കുന്നതു്?

മിസ്റ്റർ സി. കെ. എസ്സ്. മണി: തുക്കത്തിന്റെ കാര്യം ഇവിടെ നോക്കേണ്ടതില്ല. ൧൭൫ ഉറുപ്പിക വിലവരുന്ന ചരക്കിനു് ൮൫ ഉറുപ്പികവരെ ചിലവുണ്ടു്. ആ തോതുവെച്ചു് കണക്കാക്കുമ്പോൾ ൧,൪൦,൦൦൦ ഉറുപ്പിക വിലവരുന്ന ചരക്കിനു് എന്തു ചിലവു വരുമെന്നു നോക്കിയാൽ മതി.

Mr. K. P. Vallon (*Nominated*) : I second the motion.

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഒരു ചെറിയ സംശയം ചോദിച്ചറിയുവാനുണ്ടു്. ഈ വക കച്ചവടം ഇപ്പോൾ പ്രൈവറ്റ് കച്ചവടക്കാരാണു നടത്തുന്നതു്. അതു ഗവൺമെൻറു് ഏറ്റെടുത്തു നടത്തണമെന്നുവെച്ചാൽ സാധിക്കുമോ എന്നു സംശയമാണു്. ഇതു് ഞാൻ ഒരു വിദഗ്ധന്റെ നിലയിൽ പറയുന്നതല്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുവാൻ ഒരു സംശയം മാത്രമാണു പറയുന്നതു്. മുപ്പായിരം ഉറുപ്പിക കയർ വ്യവസായത്തിനുവേണ്ടി ചിലവാക്കാനിരുന്നതു വലിയ ഉപകാരമായി എന്നാണു് എനിക്കു തോന്നുന്നതു്. ഈ കച്ചവടം സഹകാര്യമായിട്ടു് നടത്തുമ്പോൾ പാഴ്ചിലവു വരുത്താതെ നടത്തുവാൻ കഴിയും. ഇതു ഗവൺമെൻറു് ഏറ്റെടുത്തു നടത്തുകയാണെങ്കിൽ വലിയ ചിലവു വന്നേക്കാനിടയുണ്ടു്. ഒന്നാമതു് ഗവൺമെൻറിനു് ഇതിലേക്കു വൈക്കുവാൻ വിദഗ്ധനായ മരാളെ കിട്ടുവാൻ വലിയ പ്രയാസമാണു്. ഈ കച്ചവടത്തിൽ വലിയ കളവുകൾ നടക്കാനിടയുണ്ടു്. ഇതു യാതൊന്നുമറിയാതെ ഗവൺമെൻറു് ഇതിൽ ഏർപ്പെട്ടാൽ വരുന്ന കഴപ്പു് വളരെ വലുതായിരിക്കും.

ഇതിനെല്ലാം ഒരാറാ മാസ്സം ചെന്നീൻ പിടിക്കുന്ന ആളുകൾതന്നെ കൊ-ഓപ്പറേറീവു് സൊസൈറ്റി എർപ്പെടുത്തി ഈ കച്ചവടം നടത്തുകയല്ലാതെ ഗവൺമെൻറു പോയി തലയിട്ടാൽ പോട്ടറീസും ടാനറീസും ഗവൺമെൻറിൽ നിന്നു നടത്തിയതുപോലെയുള്ള അനുഭവമായിരിക്കും വരുന്നതു്.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: കൊ-ഓപ്പറേറീവു് സൊസൈറ്റിക്കാർ നടത്തുന്നതായാലോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഗവൺമെൻറിൽ നിന്നും കച്ചവടം ഏറ്റെടുത്തു നടത്തിയാൽ മാത്രമേ ഗവൺമെൻറിനു നഷ്ടം വരികയുള്ളൂ.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഗവൺമെൻറു് അതിനെ നിയന്ത്രിക്കണമെന്നാണു് ആവശ്യപ്പെടുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഗവൺമെൻറു് എങ്ങിനെ നിയന്ത്രിക്കണം?

മിസ്റ്റർ സി. കെ. എസ്സ്. മണി: ഗവൺമെൻറിൽ നിന്നും സൊസൈറ്റിക്കു ധനസഹായം ചെയ്യണം. ഗവൺമെൻറിന്റെ കൺട്രോളും ഉണ്ടായിരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: ഗവൺമെന്റിൽ നിന്നും സൊസൈറ്റിക്ക പണം കൊടുത്താൽ മതിയെങ്കിൽ ആ കാര്യത്തിൽ എനിക്ക വിരോധമില്ല. പക്ഷെ സൊസൈറ്റി ജനങ്ങൾ തന്നെ നടത്തണം.

മിസ്റ്റർ സി. കെ. എസ്സ്. മണി: സൊസൈറ്റി ഗവൺമെന്റ നടത്തണമെന്നും ആവശ്യപ്പെട്ടിട്ടില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: പണമല്ലാതെ വേറെ എന്തു സഹായമാണ വേണ്ടത്?

മിസ്റ്റർ സി. കെ. എസ്സ്. മണി: മേലനോട്ടം കൂടി നടത്തണം.

മിസ്റ്റർ കെ. അയ്യപ്പൻ: മേലനോട്ടം നടത്തുവാൻ വരുന്ന ആളായിരിക്കും കുഴപ്പമുണ്ടാക്കുന്നത്. സൊസൈറ്റി ശരിക്ക നടത്തുവാൻ സാധിക്കയില്ല.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാ സേട്ട്: മിസ്റ്റർ സി. കെ. എസ്സ്. മണി ഇവിടെ കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപത്തോട് ഞാൻ അനുകൂലിക്കുന്നില്ല. ചെമ്മീൻ കച്ചവടം എനിക്കില്ലെങ്കിലും ഈ വ്യവസായത്തെക്കുറിച്ച് ചില സംഗതികളെല്ലാം എനിക്കറിയാം. അതായത്, ചെമ്മീൻപരിപ്പ കച്ചവടക്കാർ മത്സ്യം ഉണ്ടാക്കുന്ന കച്ചവടക്കാർക്ക് വ്യക്തിപരമോ മാസംതോറുമോ മുൻകൂട്ടി പണം കൊടുക്കണമെന്നുള്ള ഒരു സമ്പ്രദായമുണ്ട്. ആ പണം ആദ്യം ഒരു പ്രോനോട്ടിൻ പേരിൽ കൊടുത്തു പത്തു മാസം കഴിഞ്ഞതിനുശേഷം പുഴയിൽ ചെമ്മീനുണ്ടായാൽ ആ കാലത്തു മാത്രമേ അവർക്ക് അതു ശേഖരിച്ചു കൊടുക്കുവാൻ സാധിക്കുകയുള്ളൂ. അങ്ങിനെയുള്ള ഒരു വ്യവസായം ഗവൺമെന്റിന്റെ സൂപ്പർവിഷനിൽ നടത്താണമെന്നു പറയുന്നതിനോട് ഞാൻ യോജിക്കുന്നില്ല. ഇതിനുംപുറമെ വേണ്ടിലും ഇവിടെയും ഇതിന്റെ തുക്കത്തിനു തന്നെ വ്യത്യാസമുണ്ട്. അതുകൊണ്ട് ഇതുപോലെ റിസ്ക്കുള്ള ഒരു കച്ചവടം ചെയ്യൽതന്നെയും ഇവിടെയുള്ള കച്ചവടക്കാർക്ക നഷ്ടത്തിനാണ് ഇടവരുന്നതു്. അവിടത്തെ മാർക്കറ്റ ശരിയാകാതിരിക്കുകയാണെങ്കിൽ ആ സാധനം അഴിഞ്ഞു ചീഞ്ഞു് കച്ചവടക്കാർക്ക വളരെ നഷ്ടമാണിടവരുന്നതാണ്. മറ്റുവല്ല സാമാനങ്ങളും ഇവിടെ നിന്നും കയറ്റി അയക്കുകയണെങ്കിൽ ചിലവാകാത്തപക്ഷം വെച്ചുസൂക്ഷിക്കുവാൻ സാധിക്കും. എന്നാൽ ഈ സാധനം ഒട്ടും തന്നെ അങ്ങിനെ ചെയ്യുവാൻ സാധിക്കയില്ല. അങ്ങിനെ നഷ്ടം നേരിട്ടിട്ടുള്ള വളരെ ഉദാഹരണങ്ങൾ എനിക്കറിയാം. ഒരു ലേബർ സ്കീമെക്കാമറോ വരികയാണെങ്കിൽ ആ സാധനം ഇരുന്നു ചീഞ്ഞു പണം നഷ്ടപ്പെടാതെന്നല്ലാതെ യാതൊരു ലാഭവും ആർജ്ജിക്കുവാൻ മാർഗ്ഗമില്ല. അങ്ങിനെയുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുമുണ്ട്.

ഡോക്ടർ എ. ആർ. മേനോൻ: ഇങ്ങിനെ സാധാരണ ഉണ്ടാകാറുണ്ടോ?

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാ സേട്ട്: ലേബർ സ്കീമുകൾ വരുന്ന കാലത്തു് അങ്ങിനെ ഉണ്ടാകുന്നുണ്ട്. ഈ സാധനം ഡിസ്ട്രിബ്യൂട്ട ചെയ്യുവാനുള്ള തരക്കേടുകൊണ്ടു് വേണ്ടിലെ പല കച്ചവടക്കാരും നഷ്ടപ്പെടേണ്ടിവന്നിട്ടുണ്ട്. ഇങ്ങിനെയുള്ള ഒരു വ്യവസായം ഗവൺമെന്റിൽ നിന്നും നടത്തുകയാണെങ്കിൽ ഒന്നര ലക്ഷം രൂപാ ലാഭം കിട്ടുന്നതിനു പകരം മൂന്നു ലക്ഷം രൂപാ നഷ്ടപ്പെടുവാനിടയാകും. പ്രധാനമായിട്ട് ഈ കച്ചവടക്കാർക്ക് പണം അഡ്വാൻസ് കൊടുക്കുന്നതുതന്നെ വളരെ ദോഷമാണ്. സാധാരണ മറ്റു സാമാനങ്ങളെല്ലാം വാങ്ങിയ ശേഷമാണ പണം കൊടുക്കുക, ഇതു മുൻകൂട്ടിയാണ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതു്. ഇങ്ങിനെ പലവിധത്തിലും റിസ്ക്കു ചെയ്യുന്ന ഒരു കാര്യത്തിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ ഉപക്ഷേപത്തോടു ഞാൻ യോജിക്കുന്നില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ഈ കച്ചവടം ഒരു മോണോപ്പൊളിയാകയില്ല.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാ സേട്ട്: എനിക്കു് ഈ കച്ചവടംതന്നെയില്ല.

മിസ്റ്റർ ബി. എം. പീറർ: ഈ ഉപക്ഷേപത്തെ അനുകൂലിക്കണമെന്നോ പ്രതികൂലിക്കണമെന്നോ എനിക്കഭിപ്രായമില്ല. എങ്കിലും ഇവിടെ മിസ്റ്റർ അയ്യപ്പൻ പറഞ്ഞ അഭിപ്രായത്തോടു് എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. ഗവൺമെൻറു് കൊച്ചീരാജ്യത്തു് പോട്ടറീസും ടാനറീസും വ്യവസായം നടത്തിയതുകൊണ്ടു വളരെ നഷ്ടം വന്നിട്ടുണ്ടു്, അതുകൊണ്ടു് ഇങ്ങിനെയുള്ള വ്യവസായങ്ങളിൽ ഗവൺമെൻറു് പ്രവേശിക്കരുതെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തെ എനിക്കു പ്രതിഷേധിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ ഇവിടെ പ്രൈവറ്റു് ഏജൻസികളും ഗവൺമെൻറു് ഏജൻസികളും നടത്തുന്ന കച്ചവടത്തെപ്പറ്റിയാണു പറഞ്ഞതു്.

മിസ്റ്റർ ബി. എം. പീറർ: ഇൻഡ്യയറക്ടായിട്ടുള്ള കച്ചവടങ്ങൾക്കു ഉന്നമനം ലഭിക്കാത്തതിനു കാരണം ചില കുത്തക കച്ചവടക്കാർ അതിനെ തടുത്തുകൊണ്ടിരിക്കുന്നതുകൊണ്ടാണു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഗവൺമെൻറു് ഇതു തുടങ്ങുവാനുദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ ബി. എം. പീറർ: കൊച്ചിയിൽ ഒരു ഡിപ്പോ തുറക്കുവാൻ ഉദ്ദേശിക്കുന്നു എന്നാണു് എന്റെ അറിവു്.

Dr. A. R. Menon (*Minister for Rural Development*): There is a cut motion on it. I shall deal with that subject in detail when it is moved.

മിസ്റ്റർ ബി. എം. പീറർ: ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുകയോ പ്രതിഷേധിക്കുകയോ ചെയ്യുന്നില്ല.

മിസ്റ്റർ വി. പി. കണ്ണപിള്ള: ഒരു കൊല്ലത്തിൽ എത്ര ടൺ ഇവിടെനിന്നു കയറ്റി അയക്കുന്നുണ്ടെന്നു പറഞ്ഞാൽ കൊള്ളാം.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാ സേട്ട്: പന്തീരായിരം ടൺ.

മിസ്റ്റർ വി. പി. കണ്ണപിള്ള: ഗവൺമെണ്ടു സ്റ്റാറ്റിസ്റ്റിക്സു് അനുസരിച്ചു് എത്രയുണ്ടെന്നാണു ചോദിക്കുന്നതു്.

മിസ്റ്റർ ഇസ്മായിൽ ഹാജി ഈസാ സേട്ട്: ടിവാൻജിയവർകളുടെ പ്രസംഗത്തിൽതന്നെ പന്തീരായിരം ടൺ ആണെന്നു പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: സർ, ഈ പ്രമേയത്തെപ്പറ്റി പറയുന്നതിനു മുമ്പായി രണ്ടു സംഗതികൾ എനിക്കു് ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുണ്ടു്. കൊച്ചി രാജ്യത്തു് വ്യവസായങ്ങളുടെ പ്രവർത്തനം വിജയകരമല്ലെന്നു് ബഹുമാനപ്പെട്ട കണയന്നൂർ ഇഴവമെമ്പർ പറഞ്ഞതിൽ.....

മിസ്റ്റർ കെ. അയ്യപ്പൻ: ഞാൻ പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കുട്ടി: സംശയം പറഞ്ഞതിൽ.....

മിസ്റ്റർ കെ. അയ്യപ്പൻ: സംശയിച്ചുമില്ല.

മിസ്റ്റർ വി. കെ. കുട്ടി: ഈ ഉപക്ഷേപത്തിന്റെ സംഗതിയിൽ ആരും പരിഭ്രമിക്കത്തക്ക ഏതെങ്കിലും വിധത്തിൽ ഉപദേശിക്കേണ്ട ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ പോട്ടറീസിന്റേയും ടാനറീസിന്റേയും പ്രവർത്തനംകൊണ്ടു നഷ്ടംവന്നുവെന്നു പറയുന്നതുകൊണ്ടു".....

മിസ്റ്റർ കെ. അയ്യപ്പൻ: കൊച്ചി രാജ്യത്തു വ്യവസായം വിജയകരമായി വരുവാൻ പാടില്ലെന്നു പറഞ്ഞില്ല. ഗവൺമെണ്ടു നടത്തുന്നതു പ്രയാസമായിരിക്കുമെന്നാണു പറഞ്ഞതു".

മിസ്റ്റർ വി. കെ. കുട്ടി: ഗവൺമെണ്ടു വ്യവസായം ഏറ്റെടുത്താൽ അതഫ്ഫിക്കുന്നവിധത്തിൽ നടത്തുവാൻ കഴിയുകയില്ലെന്നുള്ള മൊത്തം അഭിപ്രായത്തോടു ഞാൻ യോജിക്കുന്നുണ്ടു".

മിസ്റ്റർ കെ. അയ്യപ്പൻ: കഴിയുമോ എന്നുള്ള സംശയം പ്രകടിപ്പിച്ചതാണു".

മിസ്റ്റർ വി. കെ. കുട്ടി: ഇതിനു" ഒരുദാഹരണം പറയാം. ഇവിടെ തുടങ്ങിയ മൺപാത്രവ്യവസായശാലയിൽ ഭരണികളുണ്ടാക്കിയിരുന്നതു", എന്റെ അന്വേഷണത്തിൽ മരുകച്ചവടസമ്പ്രദായത്തെ അംഗീകരിച്ചു" അതു വിജയകരമായി നടത്തുവാനുള്ള സന്നദ്ധതയും സെക്രട്ടറിങ്ങളും കൊച്ചി ഗവൺമെണ്ടിനു ഇല്ലാത്തതുകൊണ്ടാണു" അതു വിജയകരമായി പ്രവർത്തിക്കാത്തതു" എന്നാണു". ആദ്യം ഒരുലക്ഷം രൂപ കൊടുത്താൽ പാരി ആൻഡ" കമ്പനിയിൽ ഒരു റാത്തൽ ഭരണി കിട്ടിവന്നിരുന്നു. കൊച്ചി ഗവൺമെണ്ടിന്റെ മൺപാത്രവ്യവസായശാല ആരംഭിച്ചതോടുകൂടി അവർ അരയണ കുറച്ചു" രണ്ടണയാക്കി. ഇപ്പോൾ അതിലും കുറച്ചുകുറച്ചു" ഫർണ. വരെ ആക്കീട്ടുണ്ടു". ഇവിടെ ഉണ്ടാക്കുന്നതായ സാധനങ്ങൾ നോക്കിയാൽ മദ്രാസു" പ്രസിഡൻസിയിൽ വേറെ ഒരു ടിക്കിലും ഇത്ര നല്ലതായവ കിട്ടുകയില്ല. (ഹീയർ, ഹീയർ). എന്നാൽ വ്യവസായം വിജയകരമാകാത്തതിനുള്ള പ്രധാനകാരണം വില്പന നടത്തുവാനുള്ള രീതിയെ ഗവൺമെണ്ടിനു നിയന്ത്രിക്കുവാൻ സാധിക്കാത്തതുകൊണ്ടാണു". പാരി ആൻഡ" കമ്പനിയിൽ മറ്റു വ്യവസായശാലകളുമായി കമ്പിറ്റഷൻ ഒഴിവാക്കുവാൻ മാക്രറ്റപിടിച്ചിട്ടുണ്ടു" അവരെ എതിർക്കുന്ന ആളുകളെ തോല്പിക്കുവാൻ അവർ ഓരോ സ്ഥലങ്ങളിലും പ്രത്യേകം പ്രത്യേകം ഏജൻറന്മാരെ വെച്ചിട്ടുണ്ടു". മാത്രമല്ല അവരെപ്പോലെ കൊച്ചി ഗവൺമെണ്ടിനു കടം കൊടുക്കുവാനോ അഞ്ചോ ആറോ മാസത്തെ അവധിയിൽ സമയം അനുവദിക്കുവാനോ സാധിക്കയില്ല. അങ്ങിനെ സാധിക്കാത്തതുകൊണ്ടാണു" ഇവിടത്തെ മൺപാത്രവ്യവസായശാല വിജയകരമാകാത്തതു".

ചെമ്മീൻ പരിപ്പു വ്യവസായത്തെ സംബന്ധിച്ചിടത്തോളവും ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ പറഞ്ഞതുപോലെ പല ബുദ്ധിമുട്ടുകളും ഉണ്ടു". ഇങ്ങിനെയുള്ള നിലയിൽ ആ വ്യവസായം നടത്തിക്കൊണ്ടുപോകുവാൻ കഴിയുള്ളവരെ സഹായിക്കാമെന്നല്ലാതെ ഏറ്റെടുത്തു നടത്തുവാൻ സാധിക്കുന്നതല്ല.

മിസ്റ്റർ കെ. അയ്യപ്പൻ: പിന്നെ എന്നെ എന്തിനാണു" എതിർത്തു"?

മിസ്റ്റർ വി. കെ. കുട്ടി: അതുകൊണ്ടു" പ്രധാനമായി ഗവൺമെണ്ടു ചെയ്യേണ്ടതു" നമ്മുടെ ഉല്പന്നങ്ങൾ ശരിയായി വില്പന നടത്തുവാനുള്ള സഹായ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ ചെയ്തുകൊടുത്തു് കച്ചവടക്കാർക്കും കൃഷിക്കാർക്കും ആ വിഷയത്തിൽ വേണ്ടുന്ന ഉപദേശങ്ങൾ കൊടുക്കയാണു നല്ലതു്.

നമ്മുടെ രാജ്യത്തു കൊപ്ര ധാരാളമായി ഉണ്ടു്. നാളികേരകൃഷിയും ധാരാളമുണ്ടു്. ആ സാധനങ്ങൾ എവിടെയാണു ചിലവാക്കേണ്ടതെന്നു നമ്മുടെ കൃഷിക്കാർക്കു് അറിഞ്ഞുകൂടാ. ആവക സാധനങ്ങൾ കച്ചവടത്തിനായി വ്യാപാരികളോ കൃഷിക്കാരോ കൊണ്ടുപോയാൽ രണ്ടുവിധം ബുദ്ധിമുട്ടുകളുണ്ടു്. ഒന്നാമതു് കച്ചവടം ചെയ്യേണ്ടതെങ്ങിനെയെന്നു് അയാൾക്കു് അറിഞ്ഞുകൂടാ. അഥവാ പറഞ്ഞുകൊടുത്തു ചെയ്യിച്ചാലും ഡെലിവറി മറ്റുള്ളവർ സ്വീകരിക്കുമോ മടക്കിഅയക്കുമോ എന്നറിഞ്ഞുകൂടാ. ഇങ്ങിനെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കത്തക്കവിധത്തിൽ വില്പന നടത്തുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും, ഏതെല്ലാം സാധനങ്ങൾ ഏതെല്ലാം ദിക്കിലാണു് അധികം ചിലവാകുന്നതെന്നു നോക്കി ആ വ്യവസായങ്ങളെ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണു്. ഈ വിഷയത്തിൽ വേണ്ട അന്വേഷണം നടത്തി ജനങ്ങൾക്കു ഉപദേശം കൊടുത്തു് പ്രോത്സാഹിപ്പിക്കുകയാണു് വേണ്ടതു്. അല്ലാതെ ഗവൺമെണ്ടു നേരിട്ടു് ഇങ്ങിനെയുള്ള വ്യവസായങ്ങളിൽ ഏർപ്പെടുവാൻ പാടില്ല. വ്യവസായങ്ങൾ നടത്തുന്നതിനുള്ള ധനസഹായം ഗവൺമെണ്ടു ചെയ്തുകൊടുക്കേണ്ടതാണു്. കോ-ഓപ്പറേറ്റീവു് സൊസൈറ്റികൾക്കു് ആവശ്യമുള്ളിടത്തോളം സഹായം കൊടുക്കുകയും, അതിനു തക്കവണ്ണമുള്ള സെക്യൂരിറ്റി വാങ്ങുകയും ചെയ്യണം. ടെമ്പററിയായിട്ടെങ്കിലും നമ്മുടെ രാജ്യത്തുള്ള ഉല്പന്നങ്ങൾ ചിലവാക്കുവാൻ മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതു് അത്യാവശ്യമാണു്. അതിനുള്ള പരിശ്രമം ഗവൺമെണ്ടു ചെയ്യണമെന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

* മിസ്റ്റർ വി. പി. കണ്ണപിള്ള : ഈ വ്യവസായം ഗവൺമെണ്ടു നടത്തുവാൻ വിചാരിച്ചാൽ സാധിക്കുന്നതല്ല. ഇതിലേക്കു് വേണമെങ്കിൽ തിരുവിതാംകൂർ, കൊച്ചി, ബ്രിട്ടീഷ് ഈ മൂന്നു രാജ്യവും കൂടി യോജിച്ചു് എന്തെങ്കിലും ചെയ്യാവുന്നതാണെന്നല്ലാതെ കൊച്ചി ഗവൺമെണ്ടിനെക്കൊണ്ടു് യാതൊന്നും സാധ്യപ്പെടുമെന്നു് എനിക്കു തോന്നുന്നില്ല. കച്ചവടത്തിന്റെ ലാഭനഷ്ടങ്ങൾ അതാതു മാർഗ്ഗക്കാരനനുസരിച്ചായിരിക്കും. ഇതു് വാസ്തവത്തിൽ വളരെ റിസ്ക്കുള്ള ഒരു ഏർപ്പാടാണു്. കടലിൽ നിന്നും പുഴയിൽ നിന്നും കിട്ടുന്ന തരം പോലെയായിരിക്കും ഇതിന്റെ കച്ചവടവും. ഇതു് ചിലവായില്ലെങ്കിൽ വെറുതെ കളയുകയല്ലാതെ സൂക്ഷിച്ചുവെക്കുവാൻ സാധിക്കാത്ത ഒരു സാധനമാണു്. കമ്മീഷന്റേയും ലാഭത്തിന്റേയും അത്യാഗ്രഹം കൊണ്ടു മാത്രമാണു പണം കൊടുക്കുന്നതു്. എന്നാൽ അങ്ങിനെ പണം കൊണ്ടുപോയാൽ തിരിച്ചുവരികയെന്നുള്ളതും നൂറു ശതമാനവും കുറവാണു്. ഈ ചരക്കു കൊച്ചിയേക്കാൾ അധികമുള്ളതു് തിരുവിതാംകൂറിലാണു്. സ്റ്റീമറിൽ കയറ്റുവാനായിട്ടു മാത്രം കൊച്ചിയിൽ കൊണ്ടുവരുന്നുവെന്നേയുള്ളൂ. ബ്രിട്ടീഷിൽ മംഗലാപുരത്തും മറ്റും ഈ ചരക്കു ധാരാളം കിട്ടും. അങ്ങിനെ ബ്രിട്ടീഷിലും തിരുവിതാംകൂറിലും അധികമായി ഉണ്ടാകുന്ന ചരക്കുകൾ വില്പന നടത്തുവാൻ കോ-ഓപ്പറേറ്റീവു് സൊസൈറ്റികൾ തുടങ്ങി അതു നടത്തിക്കൊണ്ടുപോകുവാൻ ഗവൺമെണ്ടിനോടു ധനസഹായം ചെയ്യണമെന്നാവശ്യപ്പെട്ടാൽ കഴിയുമെങ്കിൽ ഗവൺമെണ്ടു സഹായിക്കുമെന്നല്ലാതെ നേരിട്ടു് ഗവൺമെണ്ടു തന്നെ ഏറ്റെടുത്തു് ആ വ്യവസായം നടത്തണമെന്നു പറഞ്ഞാൽ സാധ്യമല്ല. ബഹുമാനപ്പെട്ട മിനിസ്റ്റർക്കും ഇതിനെ സംബന്ധിച്ചു്

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

നല്ലവണ്ണം മനസ്സിലായിട്ടുണ്ടെങ്കിൽ ഗവൺമെണ്ടിനു് ഇതിൽ ഏർപ്പെടുവാൻ വിഷമമാണെന്നു് അദ്ദേഹത്തിനു് അറിയാമെന്നു് കരുതുന്നു. അവരുടെ ആളുകൾ തന്നെ ഇക്കാര്യത്തിൽ എന്തെങ്കിലും ശ്രമം ചെയ്യുന്നുണ്ടെങ്കിൽ അതിനു ധനസഹായം ആവശ്യപ്പെട്ടാൽ ഗവൺമെണ്ടു ചെയ്യുകൊടുക്കാതിരിക്കയില്ലെന്നാണു് എന്റെ വിശ്വാസം.

മിസ്റ്റർ സി. കെ. എസ്സ്. മണി: ഇവിടെ നിന്നു പോകുന്ന ചരക്കിന്റെ വ്യാപ്തമാനവും ബാക്കിയുള്ള സമുദായങ്ങൾക്കാണു കിട്ടുന്നതു്.

മിസ്റ്റർ വി. പി. കണ്ണപിള്ള: ബ്രിട്ടീഷു് മലബാറിൽ മഹമ്മദീയരാണു് അധികവും ഈ കച്ചവടം നടത്തുന്നതു്. കൊച്ചിയിൽ നിങ്ങളുടെ ജാതിക്കാർ മാത്രമേ മത്സ്യം പിടിക്കുന്നുള്ളു. തിരുവിതാംകൂറിൽ കുഡുംബികളും ഈ തൊഴിൽ ചെയ്തു വരുന്നുണ്ടു്. കൊച്ചിയിൽ കടപ്പുറം മുതൽ ചെല്ലാനം വരെ കുടുംബികൾ ധാരാളമുണ്ടെങ്കിലും അവരാരും മത്സ്യം പിടിക്കാറില്ല. ഈ ചാകരകൾ സാധാരണമായി കടമായിട്ടാണു കച്ചവടം നടത്തുന്നതു". പക്ഷേ ഒന്നിനു നാലിരട്ടി വില കൊടുക്കുന്ന ആളുകളുണ്ടു്. ചരക്കു കപ്പലിൽ കയറണമെന്നുണ്ടെങ്കിൽ പണം മുൻകൂട്ടി കിട്ടണം. ഇങ്ങിനെ ഈ ഒരു കള്ളക്കച്ചവടത്തിന്റെ നിലയിച്ചാണു നടന്നുവരുന്നതു്. ഗവൺമെണ്ടു് ഇക്കാര്യത്തിൽ ഏർപ്പെടുന്നതുകൊണ്ടു പ്രയോജനമുണ്ടെന്നു കണ്ടാൽ അങ്ങിനെ ചെയ്യുന്നതിൽ എനിക്കു തിരിവില്ല. ഇണമില്ലെന്നുള്ളതു നിശ്ചയമാണു്. കോ-ഓപ്പറേറ്റീവു് സൊസൈറ്റികൾ തുടങ്ങി ആരെങ്കിലും ഈ വ്യവസായം നടത്തുവാൻ പുറപ്പെട്ടു ധനസഹായത്തിനാവശ്യപ്പെട്ടാൽ കുറെ പണം പോകുന്നുവെങ്കിൽ പോകട്ടെ എന്നു വിചാരിച്ചു് സഹായിക്കുക. ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. ഇണം കിട്ടുമോ എന്നുള്ള വിചാരത്തോടു കൂടിയല്ല; ഫലമില്ലെന്നു വിചാരിച്ചു മാത്രമാണു്.

Mr. K. Achyuta Menon *(Diwan Peishkar):* I may state the position of the Government in a very few words. The question is a very important one. The Government's position is not one of unreasonable optimism or undue pessimism. The matter has to be enquired into very carefully. This question came before the Advisory Board for Commerce and Industry. What was then decided was that this question of trade agent might well wait until the Central Marketing Society is formed with Government help. These trade agents in Rangoon and elsewhere have struck their roots firm now, and the question how far the Government will be able to displace them by appointing our own trade agents has to be carefully considered. The question has necessarily to wait until two things are considered namely the prospects of a Central Marketing Society and until probably deciding whether this question can be considered for all products—not only for prawns—but for all other products, whether one agent would suffice for Burma—these are all matters which are now before the Government. The Hon'ble Minister for Rural Development has got the matter before him and these points will be considered. It will be early either to accept this resolution now without gathering more materials in this matter and without waiting till the Central Marketing Society is formed, or to say that it cannot be accepted. The Government do not oppose the motion,

LIBRARY ARCHIVES Kerala Legislative Assembly

but say that the opinion arrived at before the Advisory Board was that the matter should wait until first we ascertain whether the Central Marketing Society is formed and until relevant materials come. That is all.

I would request the hon'ble member to defer pressing this cut motion until we see whether the Marketing Society would realise. In my opinion it will be too early to press it to a division at the present moment.

മിസ്റ്റർ സി. കെ. എസ്സ്. മണി: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഗവമ്മെണ്ടിനോട നേരിട്ടു് ഒരു കച്ചവടം നടത്തുവാനല്ല ഞാനാവശ്യപ്പെട്ടിട്ടുള്ളതു്. സെൻട്രൽ കോ-ഓപ്പറേറീവു് സൊസൈറിയെ ഗവമ്മെണ്ടു സപ്പോർട്ടു ചെയ്യണമെന്നു മാത്രമെ ഞാനാവശ്യപ്പെട്ടുള്ളൂ. ഇവിടെ മിസ്റ്റർ സേട്ട പറഞ്ഞു, കച്ചവടക്കാർക്കു റിസ്കുള്ള ഒരു വ്യവസായമാണിതെന്നു്. അവർ നഷ്ടപ്പെട്ട കച്ചവടം ചെയ്യാറുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഞാൻ പറയുന്നതുപോലെ ഒരു സൊസൈറി സ്ഥാപിച്ചാൽ ഇപ്പോൾ ഈ കച്ചവടം നടത്തുന്ന അഞ്ചോ ആറോ സേട്ടമാർക്കും അതിൽ ഷെയർ എടുക്കാവുന്നതാണു്. ഇതിനെപ്പറ്റി ഒരു സെൻട്രൽ കമ്മിറ്റി രൂപീകരിക്കുന്നതുവരെ നീട്ടിവെക്കണമെന്നാണു് അഡൈസറി കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതു്. അതുപോലെ തന്നെ ബഹുമാനപ്പെട്ട റവന്യൂ മെമ്പർ പറഞ്ഞതുകൊണ്ടും, സൊസൈറി ഫാറം ചെയ്തതിനു ശേഷം അതിന്റെ പ്രവർത്തനത്തെപ്പറ്റി ആലോചിക്കുമെന്നു വിചാരിക്കുന്നതുകൊണ്ടും ഞാൻ ഈ ഉപക്ഷേപത്തെ സഭയുടെ അനുമതിയോടു കൂടി പിൻവലിച്ചുകൊള്ളുന്നു.

The motion was, by leave, withdrawn.

The demand for Rs. 2,79,876 under 1—Land Revenue less Rupee 1 was put and carried.

1. Land Revenue (Cranganur) Rs. 17,687.

Mr. K. Achyuta Menon *(Diwan Peishkar):* I rise to move for a grant of Rs. 17,687 under Land Revenue—Cranganur.

The demand was put and carried.

House rose for the day at 5 p. m.

C. J. MATHEW,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly